(ബി) ഉണ്ട്. ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിൽ ഓരോ ഐ.ടി.സി. ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കൂടാതെ ആറ്റിപ്ര, ഹരിപ്പാട്, കാക്കാട്, ചിറ്റൂർ, കുറവങ്ങാട് എന്നീ സ്ഥലങ്ങളിലുള്ള വ്യവസായ പരിശീലന കേന്ദ്രങ്ങളിൽ സർവ്വേയർ ട്രേഡ് പുതിയതായി ആരംഭിച്ചിട്ടുണ്ട്. കുട്ടമലയിൽ ഒരു ഐ.റ്റി.സി. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്.

(സി) വിശദവിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്†.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമുള്ള വികസന പദ്ധതികൾ

21 (*199) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതികാർക്കും പട്ടികവർഗ്ഗക്കാർക്കും അവരുടെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പദ്ധതികൾ എല്ലാവർക്കും ലഭ്യമാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനം ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) അനുബന്ധം I & II കാണുക†.

(ബി) ഉണ്ട്.

(സി) അനുബന്ധം 3 കാണുക†.

ബാലവേല നിരോധിക്കാൻ നടപടി

22 (*200) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാലവേല നിലവിലുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം രംഗങ്ങളിലാണ് ബാലവേല നിലവിൽ ഉള്ളത് ;

(സി) ഇപ്പോൾ ബാലവേലയിൽ ഏർപ്പെട്ടിട്ടുള്ളവർ എത്രപേർ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ഡി) ഇപ്പോഴും ബാലവേല തുടരുന്നതിന്റെ കാരണമെന്ത് ;

---

† അനുബന്ധം II 'എ'
† അനുബന്ധം III & III 'എ'

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ബാലവേല ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) 1988-ലെ ചൈൽഡ് ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) ആക്ടും 1993-ലെ കേരള ചൈൽഡ് ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) റൂൾസും പ്രകാരം കഠിനാദ്ധ്വാനം ആവശ്യമില്ലാത്ത ഹോട്ടൽ വ്യവസായം ചെമ്മീൻ പൊളിക്കൽ കല്ലുടയ്ക്കൽ, ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്, തീപ്പെട്ടി കമ്പനികൾ, ഇഷ്ടിക കളങ്ങൾ തുടങ്ങിയ വ്യവസായങ്ങളിലെ അപകടരഹിതമായ തൊഴിലുകളിൽ അപൂർവ്വമായി ബാലതൊഴിലാളികളെ കണ്ട് വരുന്നുണ്ട്.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ 1997 മേയ്മാസത്തിൽ സംസ്ഥാനത്ത് തൊഴിലെടുക്കുന്ന കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്താനായി ജില്ലാകളക്ടർമാരുടെ മേൽനോട്ടത്തിൽ സമയബന്ധിതമായി ഒരു സർവ്വേ നടത്തുകയുണ്ടായി. അതനുസരിച്ച് അപകടകരമായ തൊഴിലുകളിൽ 1081-ഉം അപകടകരമല്ലാത്ത തൊഴിലുകളിൽ 6986-ഉം ഉൾപ്പെടെ ആകെ 10087 ബാലതൊഴിലാളികൾ സംസ്ഥാനത്തുണ്ടെന്ന് രേഖപ്പെടുത്തിയിരുന്നു. എന്നാൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പിന്നീട് നടത്തിയ നിയമപരമായ പരിശോധനയിൽ അപകടകരമായ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളതായി രേഖപ്പെടുത്തിയിരുന്ന കുട്ടികളെ ആരെയും കണ്ടെത്താനായില്ല. ഇതിന് കാരണം സർവ്വേയിൽ രേഖപ്പെടുത്തിയിരുന്ന കുട്ടികളിൽ ഭൂരിഭാഗവും 14 വയസ്സിനുമേൽ പ്രായമുള്ളവരും തൊഴിൽമേഖല അപകടകരമാണോ അല്ലയോയെന്നത് തെറ്റായി രേഖപ്പെടുത്തിയതിനാലുമാണെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അവ തൊഴിലാളികളെ സംബന്ധിച്ച് പൂർണ്ണവിവരങ്ങൾ ശേഖരിക്കുന്നതിന് സമഗ്രമായ ഒരു സർവ്വേ നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) സാമൂഹികവും സാമ്പത്തികവും കുടുംബപരവുമായ കാരണങ്ങളാലാണ് കേരളത്തിൽ ബാലവേല നിലനിൽക്കുന്നതെന്ന് മനസ്സിലാകുന്നു.

(ഇ) കേരളത്തിൽ നിന്നും ബാലവേല പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി കേരള ചൈൽഡ് ലേബർ (റിലീസ്, റീഹാബിലിറ്റേഷൻ ആന്റ് വെൽഫെയർ) ഓർഡിനൻസ് പുറപ്പെടുവിക്കുകയും "ശിശുതൊഴിൽ വിമുക്ത കേരളം" എന്ന ഒരു ത്രിമുഖ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുകയും ചെയ്യുന്നു. ഇത് പൂർത്തിയാക്കുന്നതോടെ ബാലവേല കേരളത്തിൽ നിന്നും പൂർണ്ണമായും ഇല്ലാതാകുമെന്നു പ്രതീക്ഷിക്കുന്നു.

ആദിവാസി പെൺകുട്ടികളുടെ സംരക്ഷണം

23 (*201) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly